# ജി ബി എച്ച്എസ് വടക്കാഞ്ചേരി




## ഡിജിറ്റൽ മാഗസിൻ

little kites unit

# നൂറ്റാണ്ടിൻെറ പഴമയിൽ..........



റവന്യൂജില്ല

തൃശൂർ

വിദ്യാഭ്യാസജില്ല

ചാവക്കാട്

ഉപജില്ല

വടക്കാഞ്ചേരി

പ്രധാനഅദ്ധ്യാപിക

സീമ എ എം

പി.ടി.എ. പ്രസിഡണ്ട്

നിഷാദ് വി ആർ

# എഡിറ്റോറിയൽ ബോർഡ്


## ഭരത് പ്രവീൺ എൻ.ജി

## അനന്തകൃഷ്ണൻ വി .യു

## അൻഫാസ് ടി.എം

## അഭിനവ് പി.ജെ

## മിവിൻ കെ.സി



# എഡിറ്റോറിയൽ

കാലം അതിവേഗം  കടന്നു
പോവുകയാണ് . കാലാനുസൃതമായ
മാറ്റങ്ങൾ അനിവാര്യമാണ്
മഷിയുണങ്ങിപ്പിടിച്ച അക്ഷരങ്ങൾ പേപ്പർ
താളുകളിൽ നിന്നും ഡിജിറ്റൽ
ലോകത്തേക്കു പാറിപ്പറന്നു തുടങ്ങി. little
kitesയൂണിറ്റിൽ നിന്നും നേടിയ അറിവിൻ
കണങ്ങൾ ചേർത്തു വെച്ച് ഞങ്ങളും
ഡിജിറ്റൽ മാഗസിനിലേക്കു ഒരു
'മഷിത്തണ്ട് 'ചേർത്തു വെയ്ക്കുന്നു .
ഒരിയ്ക്കലും മഷിവറ്റാത്ത മഷിത്തണ്ട്!!!
ശാസ്ത്രസാങ്കേതിക വിനിമയരംഗത്തെ
കുതിപ്പുകൾക്കൊപ്പം ഇനിയുമിനിയും
നമുക്കും പറക്കാനാവട്ടെ!!!
സ്നേഹത്തോടെ എഡിറ്റോറിയൽ ബോർഡ്

# സന്ദേശം



ആശയവിനിമയ ലോകത്ത്
ഇന്ന് ഡിജിറ്റൽമീഡിയ
വഹിക്കുന്ന
പങ്ക് വർണ്ണനാതീതമാണ്.
വടക്കാഞ്ചേരി ഗവ.ബോയ്സ്
സ്കൂളിലെ
ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ ചേർന്ന് ഒരു ഡിജിറ്റൽ മാഗസിൻ
തയ്യാറാക്കുന്നതിൽ വളരെയധികം സന്തോഷവും
അഭിമാനവുമുണ്ട്.
മികച്ച രീതിയിൽ തുടർന്നും
ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാൻ
കുട്ടികൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.
കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ
നൽകിയ കൈറ്റ് മിസ്ട്രസ്സുമാരായ
ജയലക്ഷ്മിടീച്ചർ,
ബിന്ദുടീച്ചർ എന്നിവർക്കും
ആശംസകൾ!

സീമ എ എം

എച്ച് എം

# സന്ദേശം

അക്ഷരങ്ങൾ അഴകാണ് കുഞ്ഞുങ്ങൾ പൂമ്പാറ്റകളെപോലെയാണ്. സ്വതന്ത്രമായി പറന്നു നടക്കുന്നതിനിടയിൽ പൂമ്പാറ്റകൾക്ക് കരുത്തും കരുതലും തേനിന്റെ മാധുര്യം തിരിച്ചറിയട്ടെ!!!അവ അഴകോടെ പാറിപ്പറന്നു കൊള്ളും.



ഡാർളിമോൾ ഐസക്ക്

# വിദ്യാലയത്തിലൂടെ.........

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി നഗരത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഗവ.വൊക്കേഷണൽഹയർസെക്കൻററിസ്കൂൾ പാരമ്പര്യത്തനിമ കൊണ്ട്ശ്രദ്ധേയമാണ് .1877ൽ വടക്കാഞ്ചേരിയിൽ ഒരു പ്രൈമറിസ്കൂൾആണ് ഉണ്ടായിരുന്നത്. നൂറിലധികം വർഷങ്ങളായി ഹൈസ്കൂൾ സ്ഥാപിതമായിട്ട്.വടക്കാഞ്ചേരിഹൈസ്കൂൾ പഴയ കൊച്ചി രാജ്യത്തിൻെറ നെല്ലറയായ തലപ്പിള്ളി താലൂക്കിൻെറ തലച്ചോറും ഹൃദയവുമാണ് ഭരണ -കലാകായിക -രാഷ്ട്രീയ – സാഹിത്യ രംഗത്ത്





പിൽകാലത്ത് പ്രശോഭിച്ച പലരും ഹരിശ്രീ കുറിച്ചത് വടക്കാഞ്ചേരി ഹൈസ്കൂളിലായിരുന്നു. 1990 ൽ ഗവ.വൊക്കേഷണൽഹയർസെക്കൻററി സ്കൂൾ ആയും പിന്നീട് 1998 ൽ ഗവ.ഹയർസെക്കൻററി സ്കൂളായും നിലവിൽ വന്നു.

രണ്ട് ഏക്കർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന സ്കൂളിന് ആറ് കെട്ടിടങ്ങളുണ്ട് അതി വിശാലമായ കളി സ്ഥലവുമുണ്ട് ഹൈസ്കൂൾ,ഹയർസെക്കൻററി വിഭാഗങ്ങൾക്ക് പ്രത്യേകം കംപ്യൂട്ടർലാബുകളുണ്ട് വിവിധ ക്ലബ്ബുകൾ വിദ്യാലയത്തിലുണ്ട്



എസ് .പി. സി,
ലിററിൽക്കൈറ്റ്സ് ,അടൽടിങ്കറിങ്ങ് ലാബ്,
സ്കൗട്ട് &ഗൈഡ്, വിദ്യാരംഗം,തുടങ്ങി  വിവിധ
ക്ലബ്ബുകളിൽ  കുട്ടികൾ സജീവ
സാന്നിധ്യമായുണ്ട്
ശാസ്ത്രമേളകളിൽമികച്ച വിജയം
കൈവരിക്കാറുണ്ട്

# മൗനം

മൗനം

നല്ലതാണ്

പക്ഷെ

പലപ്പോഴും

അത്

അപകടവുമാണ് !!!

# പി എൻ പണിക്കർ

കേരളത്തിൻെറ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്
തുടക്കംക്കുറിച്ച്വയാളാണ്  പി.എൻ പണിക്കർ
അദ്ദേഹത്തിത്തിന്റ് ചരമദിനമായ ജൂൺ 19
കേരളത്തിൽ 1996 മുതൽ
വായനാദിനമായി ആചരിക്കുന്നു ജൂൺ 19
മുതൽ 25 വരെയുള്ള
ആഴ്ചകേരളത്തിലെവിദ്യാഭ്യാസവകപ്പ്
വായനാവാരമായുംആചരിക്കുന്നു
പ്രധാനമന്ത്രിനരേന്ദ്രമോദി 2017ൽ കേരളത്തിലെ
വായനാദിനമായ ജൂൺ19 ഇന്ത്യയിൽ
ദേശീയവായനാദിനമായി പ്രഖ്യാപിച്ചു
തുടർന്നുള്ള ഒരുമാസകാലം ദേശീയ
വായനാമാസമായും ആചരിക്കുന്നു.

# എസ്. പി. സി

2021 സെപ്റ്റംബർ17ന് വടക്കാഞ്ചേരി ബോയ്സ് ഹയ്സ്കൂളിൽ student police cadet പദ്ധതിക്ക് തുടക്കമായി.ചിട്ടയായ പരിശീലനത്തിലൂടെ ഓരോ cadetഉം ഓരോ changing leaderആവുക എന്ന ലക്ഷ്യത്തോടെ,we learn to serve എന്ന ആപ്തവാക്യമായി 44 കുട്ടികൾ ഓരോവർഷവും spc projectൽ അംഗങ്ങളാകുന്നു. indoor classഉം,field visit ,onam,christmas,summercamകളും പങ്കടുത്ത് കുട്ടികൾ വിവിധ വിഷയങ്ങളിൽ പ്രാവീണമുള്ളവരായിരുന്നൂ ട്രാഫിക്ക് ബോധവൽകരണവും,ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിലും,ജീവ കാരുണ്യ പ്രവർത്തനങ്ങളിലും നമ്മുടെ കേഡറ്റുകൾ മുന്നിട്ടു നിൽക്കുന്നു.വടക്കാഞ്ചേരി പോലീസ് ഓഫീസർമാരും, എച്ച്.എം സീമ ടീച്ചറും,കമ്മ്യൂണിട്ടി പോലീസ് ഓഫീസറായി അധ്യാപകനായ ശ്രീ ബൈജു.കെ.എ,നന്ദകുമാർ.പി.ബി എന്നിവർ ഈ പ്രവർത്തനങ്ങൾക്ക്നേതൃത്യം നൽകുന്നു.നമ്മുടെ വിദ്യാലയത്തിലെ ആദ്യത്തെ ബാച്ച് ഈ വർഷം SSLCപരീക്ഷയെഴുതി നല്ല ഉത്തമപൗരന്മായി സമൂഹത്തിൽ ജീവിക്കാൻ പ്രതിജ്ഞയെടുത്ത് ഈ വർഷം ഈ വിദ്യാലയത്തിൽ നിന്ന് യാത്രയാകുന്നു.

# ഉച്ചഭക്ഷണപദ്ധതി 2023-24

ജനങ്ങളുടെ പോഷകാഹാരനിലവാരവും ജീവിതനിലവാരവും ഉയർത്തുകയും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് രാഷ്ട്രത്തിൻെറ പ്രഥമകർത്തവ്യങ്ങളിൽ ഒന്നാണ്. അതിൻെറ അന്തസത്ത ഉൾകൊണ്ടുതന്നെയാണ് സ്കൂളുകളിൽ ഉച്ചഭക്ഷണപദ്ധതി നടപ്പാക്കുന്നത്. ഉച്ചഭക്ഷണം അതിനർഹതയുള്ള ഓരോ വിദ്യാർത്ഥിയുടെയും മൗലികവും നിയമപരവുമായ അവകാശമാണ്.ഇവിടെ നമ്മുടെ സ്കൂളിലും ഉച്ചഭക്ഷണപദ്ധതി നല്ല രീതിയിൽ നടന്നുവരുന്നു.

2203-24

അധ്യയനവർഷത്തിൽ 330കുട്ടികളാണ് 1മുതൽ 8വരെ പ്രവേശനം നേടിയത്. ഈ 330 കുട്ടികളുടെ ഉച്ചഭക്ഷണപരിപാടിയുടെ ഭാഗമാവുകയും പദ്ധതി ഭംഗിയായി മുന്നോട്ട് പോവുകയും ചെയ്തുവരുന്നു.

സ്കൂളിൻെറ നാൾതോറുമുള്ള പ്രവർത്തനങ്ങളിലും ഉച്ചഭക്ഷണപദ്ധതി പ്രവവർത്തനങ്ങളിലും വാർഡ്,മെമ്പർ,പി ടി എ പ്രസിഡൻ്് മറ്റു പി ടി എ അംഗങ്ങൾ നൂൺമീൽ കമ്മറ്റി അംഗങ്ങൾ , മദർ പി ടി എ ,എസ് , എംസി അംഗങ്ങൾ ഹെഡ്മിസ്ട്രസ് ,അധ്യാപകർ , ഓഫിസ് സ്റ്റാഫ് സർവോപരി രക്ഷിതാക്കൾ ഉച്ചഭക്ഷണപദ്ധതിയുടെ താങ്ങും തണലുമായി പ്രവർത്തിക്കുന്നു

# കുഞ്ഞുണ്ണിമാഷിൻെറകുഞ്ഞിക്കവിതകൾ

---

കാക്കപാറിവന്നു
പാറമേലിരുന്നു
കാക്കപാറിപോയി
പാറബാക്കിയായി

കുരങ്ങനും കുരങ്ങനും അടികൂടി
അതിലൊരു കുരങ്ങൻെറ തല പോയി
എടുക്കടകുരങ്ങാപുളിവാറ്
കൊടുക്കടകുരങ്ങാപതിനാറ്

മഴ മഴ മഴ മഴ മഴ വന്നു
മാനത്തൂന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തൂന്നൊരു മഴ വന്നു
മലയുടെ മുകളിൽതങ്ങാതെ
മാളികമുകളിൽ തങ്ങാതെ
മലയുടെ മുകളിൽതങ്ങാതെ
മാളികമുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ മഴ വന്നു
മാനത്തൂന്നൊരു മഴ വന്നു
മിഴികൾക്കുത്സവമായ് വന്നു
മഴ മഴ മഴ മഴ മഴ വന്നു
മാനത്തൂന്നൊരു മഴ വന്നു
മലയുടെ മുകളിൽതങ്ങാതെ
മാളികമുകളിൽ തങ്ങാതെ
മഴ മഴ മഴ മഴ മഴ വന്നു
മാനത്തൂന്നൊരു മഴ വന്നു
മഴ മഴ മഴ മഴ മഴ വന്നു

# ജീവിതം എന്ന മഹായാത്ര

പ്രൊഫസർ ശ്രീലാൽ ഒരു എടുത്തുച്ചാട്ടക്കാരനായിരുന്നു.
അദ്ദേഹത്തിന് യാത്ര വളരെ ഇഷ്ടമായിരുന്നു.അദ്ദേഹം
ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ചു.അദ്ദേഹത്തിന് എടുത്തു
ചാട്ടത്തിനുള്ള പരിഹാരമാർഗ്ഗം അറിയില്ലായിരുന്നു.അങ്ങനെയിരിക്കെ
അദ്ദേഹം  ഹിമാലയത്തിലേക്ക് ഒരു യാത്ര പോയി. അവിടേക്ക് നിരവധി
ആളുകൾ മഹർഷിയെ കാണാൻ പോവുന്നുണ്ടായിരുന്നു.
മഹർഷിയെ കാണാൻ അദ്ദേഹവും  പോയി  .
മഹർഷിയെ കണ്ടു മഹർഷിയുമായി സംസാരിച്ചു
മഹർഷി ചോദിക്കുന്നചോദ്യത്തിന് എടുത്തുചാടി
ഉത്തരം നൽകാൻ  തുടങ്ങി.മഹർഷിക്ക്  കാര്യം മനസ്സിലായി.മഹർഷി
ഒരു ജഗ്ഗിൽ ചായയും ഒരുകപ്പും കൊണ്ട് വരുവാൻ പറഞ്ഞു.മഹർഷി
ചായ കപ്പിൽ ഒഴിക്കാൻ തുടങ്ങി. ചായ  നിറഞ്ഞ് പോകാൻ തുടങ്ങി.
പ്രൊഫസർ ശ്രീലാൽ പറഞ്ഞു മഹർഷീ ചായ  നിറഞ്ഞ് പോകാൻ
തുടങ്ങി.മഹർഷി  പറഞ്ഞു  ഈ  കപ്പു പോലെ
യാണ് നിങ്ങളുടെ മനസ്സ്  !!!!
"നിങ്ങളുടെ  മനസ്സ്  നിങ്ങളുടെ ചിന്തകൊണ്ടും വികാരം  കൊണ്ടും
നിറഞ്ഞിരിക്കുന്നു .ഞാൻ പറയുന്നത് ഒന്നുംനിങ്ങളുടെ മനസ്സിൽ
കയറുന്നില്ല" .
മഹർഷിയുടെ ഉപദ്രേശം ഈ  യാത്രയിൽ
വലിയ പാഠമാണ് പഠിപ്പിച്ചത്.

യാത്രകൾ അവസാനിക്കാതിരുന്നെങ്കിൽ !!!!!!!!!!!!!!!!!



ഭരത് പ്രവീൺ .എൻ.ജി
ജി.ബി.എച്ച്.എസ് വടക്കാഞ്ചേരി
ക്ലാസ്സ് : 9.ബി

# ബഡ്ഡിങ്ങ് റൈറ്റേഴ്സ്

2023-24 സറ്റാർസ് വാർഷികപദ്ധതിയുടെ ഭാഗമായി വിദ്യാലയ ങ്ങളിൽ അനുവദിക്കപ്പെട്ട ഗുണമേന്മ പരിപാടിയാണ് "ബഡ്ഡിങ്ങ് റൈറ്റേഴ്സ്" 25\01\2024 ന്
വടക്കാഞ്ചേരി ബി ആർ സിയിൽ വെച്ച് നടത്തിയ അധ്യാപക പരിശീലനത്തിൽ നമ്മുടെ സ്കൂളിൽ നിന്ന് മെൻസി ടീച്ചർ പങ്കെടുത്തു "സർഗാത്മക വിദ്യാലയം" എന്നത് സാക്ഷാത്കരിക്കുന്നതിനും വായനയിലും സർഗാത്മക
രചനയിലും കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനെകുറിച്ചായിരുന്നു ക്ലാസ് .ക്ലാസ്സ് ലഭിച്ചതിന്റ ഭാഗമായി ഓരോ ക്ലാസ്സിൽ നിന്നും മിനിമം രണ്ട്കുട്ടികളെ ഉൾപ്പെടുത്തി വായനകൂട്ടം ഉണ്ടാകി വായനകൂട്ടത്തിന്റ ഉദ്ഘാടനം 9\02\24 2 മണിക്ക് യുവകവി ചന്ദ്രമോഹൻ കുമ്പളങ്ങാട് നിർവഹിച്ച് വായനയുടെ
ആവശ്യകതയെ കുറിച്ചും ഒളിഞ്ഞിരിക്കുന്ന
സർഗാത്മകത വളർത്തേണ്ടതിനെ കുറിച്ചും അദ്ദേഹം കുട്ടികളെ ബോധവാൻമാരാക്കി
കുട്ടികൾക്ക് പുസ്തക പ്രദർശനവും കഥ , കവിത ,യാത്രാവിവരണം നിരൂപണം ഉപന്യാസം തുടങ്ങി മേഖലയുമായി ബന്ധപെട്ട പുസ്തകപരിചയം നൽകി . എഴുത്തിലും വായനയിലും കുട്ടികളുടെ ആവിഷ്ക്കാരസ്വാതന്ത്ര്യം
നൽകികൊണ്ട് കുട്ടി എഴുത്തുക്കാരുടെ രചനയിൽനിന്ന് മികച്ചത് തിരഞ്ഞെടുത്ത്
അവർക്ക് പ്രോത്സാഹനം നൽകി

# നന്ദി